DESPATCHED
On 19/06/2020

13/03/2020.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2233(7)/2013**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **14799** /എസ്.ഐ.സി-ജി 6 /13)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

എ.അബ്ദുൾ ബഷീർ,
അനാൻ അനീഷ മൻസിൽ,
ബാലഭവൻ റോഡ്, എം.ഒ.വാർഡ്,
ആലപ്പുഴ – 688 011. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
നഗരസഭാ കാര്യാലയം,
മാവേലിക്കര.

2. അപ്പീൽ അധികാരി,
നഗരസഭാ കാര്യാലയം,
മാവേലിക്കര.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 19.06.2013 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17.07.2013 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 27.07.2013 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27.08.2013 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 15.10.2013 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 21.10.2013 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, അആലപ്പുഴ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ഡോ.കെ.അബ്ദുൾ ബഷീർ, 15.10.2013ന് സമർപ്പിച്ച അപ്പീൽ ഹർജി 21.10.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കു

കയും ആയത് **AP.No.2233(7)/13/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിക്കാത്തതിനെ തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന്മേലും ലഭിച്ച മറുപടിയും തൃപ്തികരമല്ലെന്നും വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 19.06.2013ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 01.07.2009ൽ നഗരസഭയിൽ എത്ര കണ്ടിജന്റ്/ഫാമിലി പെൻഷൻകാർ ഉണ്ടെന്നും ഇവർ ഓരോരുത്തരുടെയും പേരും പെൻഷൻ പേ ഓർഡർ നമ്പരും നൽകണമെന്നും കണ്ടിജന്റ് പെൻഷൻകാർക്ക് (പി.പി.ഒ) പെൻഷൻ പാസ്സ് ബുക്ക് നൽകാൻ വ്യവസ്ഥയുണ്ടോയെന്നും തുടങ്ങി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 17.07.2013ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പിലിന് 27.08.2013ന് മറുപടി നൽകിയതായും കാണുന്നു.

4. 29.11.2013ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിലെ ഒന്നാം ഇനമായി ആവശ്യപ്പെട്ടിരിക്കുന്നത് പെൻഷൻകാരുടെ പി.പി.ഒ. നമ്പർ സംബന്ധിച്ചാണെന്നും നഗരസഭയിലെ കണ്ടിജന്റ് വിഭാഗം പെൻഷൻകാർക്ക് പെൻഷൻ പേ ഓർഡർ നൽകിയിട്ടില്ലെന്നും പെൻഷൻ ഫയൽ നമ്പരാണ് ഉത്തരവുകളുടെ നമ്പരായി നൽകിപ്പോരുന്നതെന്നും ഇല്ലാത്ത വിവരം നൽകിയിട്ടില്ല എന്നതാണ് ടിയാന്റെ പരാതിയെന്നുമാണ്. രണ്ടാം ഇനത്തിനുള്ള വിവരം നൽകിയിട്ടുണ്ടെന്നും ക്രമനമ്പർ 3ന് ഫാമിലി പെൻഷൻ ഉയർന്ന നിരക്കിൽ വാങ്ങുന്ന ഒരാൾ ഉണ്ടെന്ന വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും ഇതു സംബന്ധിച്ച മറ്റു വിവരങ്ങൾ ഹർജിക്കാരനെ അറിയിക്കുന്നതിന് പൊതു അധികാരിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്. കൂടാതെ 30 ദിവസത്തിനകം ടിയാന് വിവരങ്ങൾ ലഭ്യമാക്കിയില്ലെന്ന ആക്ഷേപം പരിശോധിച്ചതിൽ 19.06.2013ന് ടിയാൻ സമർപ്പിച്ച അപേക്ഷ 22.06.2013ന് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് കൈപ്പറ്റിയെങ്കിലും 12.07.2013വരെ ടിയാൾ വിവരങ്ങൾ സമർപ്പിക്കാത്ത സാഹചര്യത്തിൽ

ടിയാൾക്ക് മെമ്മോ നൽകിയ ശേഷമാണ് വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളതെന്നും— ടി കാര്യത്തിൽ സെക്ഷൻ ക്ലാർക്കിന്റെ ഭാഗത്ത് കാലതാമസം വന്നിട്ടുള്ളതായി കാണുന്നുവെന്നുമാണ്. 5-ാം ഇനത്തിൽ പെൻഷൻകാർ സർവ്വീസിലുണ്ടായിരുന്ന കാലത്തെ ഡി.എ.കുടിശ്ശികയുടെ വിവരമാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നതെന്ന ധാരണയിലാണ് ആയതു സംബന്ധിച്ച വിവരങ്ങൾ നൽകിയതെന്നും ഹർജിയിലെ അവ്യക്തത കാരണമാണ് അപ്രകാരം സംഭവിച്ചതെന്നും പെൻഷൻ കാരുടെ ഡി.ആർ. സംബന്ധിച്ച് ബില്ല് തൽ സമയം തയ്യാറാക്കിയിരുന്നില്ല എന്നും ഇപ്പോൾ തയ്യാറാക്കി വരുന്നുവെന്നുമാണ്. കൂടാതെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഹർജിക്കാരനിൽ നിന്നും ഫീസ് ഈടാക്കിയത് സംബന്ധിച്ചാണ് ടിയാൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്നതെന്നും ടി ആക്ഷേപം ഒന്നാം അപ്പീലിൽ ഉന്നയിച്ചിട്ടില്ല എന്നുമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. മാത്രമല്ല മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയിട്ടും ഫീസീടാക്കിയതായും കമ്മീഷൻ വിലയിരുത്തുന്നു.

6. സമയബന്ധിതമായി വിവരങ്ങൾ നൽകാതെ ഫീസീടാക്കിയ ഒന്നാം എതിർകക്ഷിയുടെ നടപടി ന്യായീകരിക്കത്തക്കതല്ല. ആകയാൽ **കേരള സർക്കാരിന്റെ ധനകാര്യ (എക്സ്പെ.ബി.) വകുപ്പ് നമ്പർ 61/2008/ധന തീയതി 2008 ഒക്ടോബർ 15ലെ സർക്കുലർ പ്രകാരം** ഇത്തരം സംഗതികളിൽ പണം തിരിച്ച് നൽകേണ്ടതുണ്ടെന്നുള്ള വ്യവസ്ഥ ഒന്നാം എതിർകക്ഷി പാലിക്കേണ്ടതാണെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

/Ge/